"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം - കട്ടപ്പന ഗവ.കോളേജിലെ സീനിയർ സൂപ്രണ്ട് ശ്രീ.ജോർജ് മാത്യുവിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പ് കല്പിച്ച ഉത്തരവ് - അപ്പീൽ അപേക്ഷ - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.502/2024/HEDN  തീയതി,തിരുവനന്തപുരം, 30-04-2024

---

പരാമർശം:-

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 30.05.2023 തീയതിയിലെ വി.സി/23037/2021/കോ.വി.വ നമ്പർ നടപടിക്രമം.
2. കട്ടപ്പന ഗവ.കോളേജിലെ സീനിയർ സൂപ്രണ്ട് ശ്രീ.ജോർജ്ജ് മാത്യു സമർപ്പിച്ച 24.06.2023 - ലെ അപ്പീൽ അപേക്ഷ.
3. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 14.09.2023 തീയതിയിലെ വി.സി/23037/2021/കോ.വി.വ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കട്ടപ്പന ഗവ.കോളേജിലെ സീനിയർ സൂപ്രണ്ട് ശ്രീ.ജോർജ് മാത്യു മൂന്നാർ സർക്കാർ കോളേജിൽ 28.05.2018 മുതൽ 10.08.2021 വരെ സീനിയർ സൂപ്രണ്ട് തസ്തികയിൽ ജോലി ചെയ്തു വരവേ, ടിയാനെതിരെ, ടി കോളേജിലെ പ്രിൻസിപ്പൽ ഇൻ ചാർജ് ആയിരുന്ന ഡോ.മനേഷ് എൻ.എ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ പരാതിയിന്മേൽ, കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അന്വേഷണത്തിന് ഉത്തരവിടുകയും, എറണാകുളം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ 08.03.2022 - ലും, കോട്ടയം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ 09.01.2023 - ലും, പരാതിയിൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അന്വേഷണ റിപ്പോർട്ടുകളും, മറ്റ് രേഖകളും വിശദമായി പരിശോധിച്ച് ടിയാന്റെ വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ അല്ലാതെ ആറ് മാസത്തേയ്ക്ക് തടഞ്ഞു കൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കി പരാമർശം (1) പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ഉത്തരവായിരുന്നു.

2. അന്വേഷണ റിപ്പോർട്ടുകളിൽ ഒന്നും തന്നെ ടിയാൻ കുറ്റക്കാരനാണെന്ന് കണ്ടെത്തിയിട്ടില്ലെന്നും, തെറ്റിദ്ധരിക്കപ്പെട്ടിട്ടുള്ള ഒരു ടെലിഫോൺ സംഭാഷണത്തിന്റെ മാത്രം അടിസ്ഥാനത്തിൽ, അതിന്റെ ആധികാരികത ഉറപ്പ് വരുത്താതെയാണ് ടിയാന്റെ വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ അല്ലാതെ ആറ് മാസത്തേയ്ക്ക് തടഞ്ഞു കൊണ്ട് അച്ചടക്ക നടപടി തീർപ്പുകൽപ്പിച്ചതെന്നും, ടിയാനെതിരെ നടപടി സ്വീകരിക്കുന്നതിന് മുൻപ് കോട്ടയം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട് പരിഗണിച്ചിട്ടില്ലെന്നും, സർക്കാരിന് യാതൊരു നഷ്ടവും വരുത്തിയിട്ടില്ലാത്ത ടിയാന്റെ വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ അല്ലാതെ ആറ് മാസത്തേയ്ക്ക് തടഞ്ഞു വെയ്ക്കാനുള്ള കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഒഴിവാക്കി തരണമെന്നും ഇൻക്രിമെന്റ് യഥാസമയം അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ച് ടിയാൻ പരാമർശം

(2) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു.

3. ശ്രീ.ജോർജ് മാത്യുവിനെതിരെ സ്വീകരിച്ചു വരുന്ന അച്ചടക്ക നടപടിയുടെ ഭാഗമായി ലഭ്യമായ അന്വേഷണം റിപ്പോർട്ടുകളും, മറ്റു രേഖകളും വിശദമായി പരിശോധിച്ചതിൽ ടിയാന്റെ ഭാഗത്തു നിന്നുളള അച്ചടക്ക ലംഘനം ഗൗരവമായി തന്നെ കാണേണ്ടതാണെന്നാണ് ബോധ്യപ്പെട്ടിട്ടുള്ളത്. സർക്കാർ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ആവശ്യമായ പെരുമാറ്റ മര്യാദകൾ പാലിക്കുന്നതിൽ ടിയാന് വീഴ്ച വന്നിട്ടുള്ളതായുളള അന്വേഷണ ഉദ്യോഗസ്ഥന്റെ കണ്ടെത്തൽ ഫോൺ സംഭാഷണത്തിന്റെ റെക്കോർഡ് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ്. പ്രസ്തുത സംഭാഷണം നടന്നതായി അന്വേഷണ ഉദ്യോഗസ്ഥന് ബോധ്യപ്പെട്ടിട്ടുണ്ടെന്നും അന്വേഷണ റിപ്പോർട്ടിൽ പ്രതിപാദിക്കുന്നു. മറ്റാരോപണങ്ങൾ തെളിയിക്കാൻ ആധാരമായ രേഖകൾ പൂർണമായും ലഭിക്കാത്തതിനാണ് ലഘുശിക്ഷ നൽകാനുള്ള തീരുമാനം സ്വീകരിച്ചത്. ഇത് പുന:പരിശോധിക്കാൻ ആവശ്യമായ വസ്തുതകളോ രേഖകളോ ശ്രീ.ജോർജ് മാത്യു ഹാജരാക്കിയിട്ടില്ലാത്തതിനാലാണ്, ടിയാനെതിരെ കൈക്കൊണ്ടിരുന്ന താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി കേരള സിവിൽ സർവീസ്(തരം തിരിവും,നിയന്ത്രണവും, അപ്പീലും) ചട്ടം 11 (1) (iii) പ്രകാരം ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ അല്ലാതെ ആറുമാസത്തേക്ക് തടഞ്ഞു കൊണ്ട് അച്ചടക്ക നടപടി പരാമർശം (1) പ്രകാരം തീർപ്പാക്കിയിരുന്നതെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം അറിയിച്ചിരുന്നു.

4. പ്രസ്തുത തീരുമാനത്തിനെതിരെ ടിയാൻ സർക്കാരിൽ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ വസ്തുതാ വിരുദ്ധമായ കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും, അച്ചടക്ക നടപടിയുടെ ഭാഗമായി ടിയാന് ലഘു ശിക്ഷയാണ് നൽകിയിട്ടുള്ളതെന്നും, അച്ചടക്ക നടപടിക്രമങ്ങളുടെ എല്ലാ ഘട്ടങ്ങളിലും ടിയാന്റെ ഭാഗം വിശദമാക്കാനും നേരിൽ കേൾക്കുന്നതുൾപ്പെടെയുള്ള എല്ലാ അവസരങ്ങളും നൽകിയിരുന്നെന്നും, അന്വേഷണ റിപ്പോർട്ടുകളിൽ നിന്നും വ്യക്തമാകുന്ന വസ്തുതകളുടെ അടിസ്ഥാനത്തിലാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്നും, പ്രകോപനമുണ്ടാക്കിയാൽ പോലും സാഹചര്യങ്ങൾ സമചിത്തതയോടെ കൈകാര്യം ചെയ്യുന്നതിനുള്ള പക്വത ഒരു സൂപ്പർവൈസറി തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥന് ഉണ്ടായിരിക്കേണ്ടതായിരുന്നെന്നും, എന്നാൽ അപ്രകാരം ഉണ്ടായിട്ടുള്ളതായി കാണുന്നില്ലെന്നും, കൂടാതെ സർവീസ് പുസ്തകം ജീവനക്കാർ തന്നെ കൈകാര്യം ചെയ്താൽ സർവീസ് വിവരങ്ങൾ ഉൾപ്പെടെ തിരുത്തുവാനുള്ള സാഹചര്യം സംജാതമാകുന്നതാണെന്നും, സർവീസ് പുസ്തകം ബൈൻഡ് ചെയ്യാനായി എടുത്തിട്ടുണ്ടെന്ന് ടിയാൻ സമ്മതിച്ചിട്ടുള്ളതുമാണെന്നും, തികച്ചും അച്ചടക്കമില്ലാത്ത പ്രവർത്തിയാണ് ടിയാന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളതെന്നും, കൂടാതെ പരാതിക്കാരന്റെ പല ആരോപണങ്ങളും ശരിവെക്കുന്നതാണെന്ന് ഈ വിഷയത്തിൽ അന്വേഷണം നടത്തിയതിൽ നിന്നും ബോധ്യപ്പെട്ടിട്ടുള്ളതെന്നും, മേൽ സാഹചര്യത്തിൽ ശ്രീ.ജോർജ് മാത്യുനെതിരെ സ്വീകരിച്ചു വരുന്ന അച്ചടക്ക നടപടി തീർപ്പാക്കിയത് അതേപടി നിലനിർത്താമെന്നും ടിയാന്റെ അപ്പീൽ അപേക്ഷയിൽ ഉന്നയിക്കുന്ന വിഷയങ്ങൾ വസ്തുതകൾക്ക് നിരക്കാത്തതിനാൽ പരിഗണിക്കേണ്ടതില്ലെന്നും ശ്രീ.ജോർജ് മാത്യു സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

5. ശ്രീ.ജോർജ് മാത്യുവിനെതിരെയുള്ള പ്രധാന ആരോപണം ടിയാൻ മേലുദ്യോഗസ്ഥനായ പരാതിക്കാരനെ അംഗീകരിക്കുന്നതിന് വിമുഖത കാണിച്ചുവെന്നും, സ്ഥാപന മേധാവിയുടെ നിർദ്ദേശങ്ങൾ പാലിക്കാതിരിക്കുകയും, അപ്രകാരം കോളേജ് ഓഫീസ് സംവിധാനത്തിന്റെ

കാര്യക്ഷമത ഇല്ലാതാക്കുകയും, ഉത്തരവാദിത്തമില്ലാതെ പെരുമാറി കോളേജിന്റെ സുഗമമായ പ്രവർത്തനത്തിന് തടസം സൃഷ്ടിക്കുകയും ചെയ്തുവെന്നതാണ്. ടി വിഷയത്തിലുള്ള ആദ്യ അന്വേഷണ റിപ്പോർട്ടിൽ ശ്രീ.ജോർജ്ജ് മാത്യു പരാതിക്കാരനോട് ബഹുമാനമില്ലാതെ സംസാരിച്ചിരുന്നെന്നും, എന്നാൽ ശ്രീ.ജോർജ്ജ് മാത്യുവിന് ഇനിയും സർവ്വീസ് ഉള്ളത് കൊണ്ട് ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണെന്നും, ടിയാന് ഒരു ബോധവൽക്കരണം നൽകുന്നതിനുമാണ് ശിപാർശ ചെയ്തിരുന്നത്. തുടർന്ന് നടത്തിയ ഔപചാരിക അന്വേഷണത്തിലും, പ്രസ്തുത സംഭാഷണം നടന്നിട്ടുള്ളതായും, സർക്കാർ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ആവശ്യമായ പെരുമാറ്റ മര്യാദകൾ പാലിക്കുന്നതിൽ ആരോപണ വിധേയന്റെ ഭാഗത്ത് നിന്നും വീഴ്ച സംഭവിച്ചിട്ടുള്ളതായും ബോധ്യപ്പെട്ടിരുന്നു.

6. മേൽ വിവരിച്ച സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കട്ടപ്പന ഗവ.കോളേജിലെ സീനിയർ സൂപ്രണ്ട് ശ്രീ.ജോർജ് മാത്യു പരാമർശം (2) പ്രകാരം സമർപ്പിച്ചിരുന്ന അപ്പീൽ അപേക്ഷയിൽ ഉന്നയിച്ചിരിക്കുന്ന വിഷയങ്ങൾ വസ്തുതകൾക്ക് നിരക്കാത്തതിനാൽ, ടിയാനെതിരെ സ്വീകരിച്ചു വന്ന അച്ചടക്ക നടപടി തീർപ്പാക്കിയ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (1) - ലെ നടപടി അതേപടി നിലനിർത്തി കൊണ്ട് അപ്പീൽ അപേക്ഷ നിരസിച്ച് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സിനി .ജെ .ഷുക്കൂർ**

**അഡിഷണൽ സെക്രട്ടറി**

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം(വിസി/23037/2021/ കോ.വി.വ നടപ്പ് ഫയൽ - 168 പേജുകൾ ഉൾപ്പെടെ)

ശ്രീ.ജോർജ് മാത്യു, സീനിയർ സൂപ്രണ്ട്, ഗവ.കോളേജ്, കട്ടപ്പന,

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ,വെബ് & ന്യൂ മീഡിയ

നോഡൽ ഓഫീസർ (www.highereducation.kerala.gov.in)

കരുതൽ ഫയൽ / ഓഫീസ് കോപ്പി (F2/130/2023-HEDN)

ഉത്തരവിൻ പ്രകാരം

Signed by

Asoka Kumari L

Date: 02-05-2024 14:33:56

സെക്ഷൻ ഓഫീസർ